#IIMKinMedia

Date: September 27, 2026

Newspaper: Malayalam -Manorama, pg. 05



ഐഐഎം ഡയറക്ടർ പ്രഫ.ദേബാശിഷ് ചാറ്റർജിയുടെ കവിതാ സമാഹാരം സെവൻ ഷേഡ്സ് ഓഫ് ലവ് ശശി തരൂർ എംപി പ്രകാശനം ചെയ്യുന്നു.

# പ്രഫ.ദേബാശിഷ് ചാറ്റർജിയുടെ കവിതാ സമാഹാരം പ്രകാശനം ചെയ്തു

കുന്നമംഗലം● സ്നേഹത്തിന്റെ ഏറ്റവും പക്വമായ രൂപം കൈവശപ്പെടുത്തുന്നത് അല്ലെന്നും അത് മറ്റൊരാളെ സ്വയം തുടരാൻ അനുവദിക്കുക എന്നതാണ് എന്നും ശശി തരൂർ എംപി. ഐഐഎം ഡയറക്ടർ പ്രഫ.ദേബാശിഷ് ചാറ്റർജിയുടെ കവിതാ സമാഹാരം സെവൻ ഷേഡ്സ് ഓഫ് ലവ് പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രണയത്തിന്റെ പല വശങ്ങൾ ഉള്ള സ്വഭാവത്തിൽ നിന്നാണ് ഏഴ് ഷേഡുകൾ തുടങ്ങുന്നതെന്നും സ്വാതന്ത്ര്യത്തിൽ കലാശിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.

പുസ്തകത്തിൽ വാത്സല്യം, ആഗ്രഹം, സഹവർത്തിത്വം, വേർപിരിയൽ, ദുർബലത, വളർച്ച, സ്വാതന്ത്ര്യം എന്നീ ഏഴ് വശങ്ങളിലൂടെ പ്രണയത്തെ പര്യവേക്ഷണം ചെയ്യുന്ന 57 കവിതകൾ ആണ് ഉള്ളത്. ഡോ.ശശി തരൂർ എംപിയും ഐഐഎം ഡയറക്ടർ പ്രഫ.ദേബാശിഷ് ചാറ്റർജിയും വിദ്യാർഥികളോടും എഴുത്തുകാരോടും വായന, ജിജ്ഞാസ, എഴുത്ത്, സ്വന്തം ശബ്ദം കണ്ടെത്താനുള്ള ധൈര്യം എന്നിവയെ കുറിച്ച് സംവദിച്ചു.